**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2064** **11-10-2021 - ൽ മറുപടിയ്ക്ക്**

**വടവുകോട് സി.എച്ച്.സി. യിൽ ഡയാലിസിസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡയാലിസിസ് ആവശ്യമായ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ സി.എച്ച്.സി. കളിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കെട്ടിട സൗകര്യം, വൈദ്യുതി, ആർ.ഒ പ്ലാന്റിന് വേണ്ട ജലം, പരിശീലനം ലഭിച്ച ഡോക്ടേഴ്സും സ്റ്റാഫും (സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, ക്ലീനിംഗ് സ്റ്റാഫ്) ഡയാലിസിസിന് വേണ്ട ഉപകരണങ്ങൾ, തുടർ ചെലവിനുള്ള ഫണ്ട് ഇത്രയും സൗകര്യങ്ങൾ സജ്ജമാണെങ്കിൽ മാത്രമേ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ. നിലവിൽ താലൂക്കാശുപത്രിതലം വരെയാണ് ഡയാലിസിസ് സൗകര്യം സർക്കാർ മുഖേന ലഭ്യമാക്കുന്നത്. ആയതിനാൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളത് കൊണ്ട് മാത്രം ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നത് പ്രായോഗികമല്ല. മേൽ പറഞ്ഞ സൗകര്യങ്ങൾ കൂടി ലഭ്യമാണെങ്കിൽ മാത്രമേ സി.എച്ച്.സികളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | സർക്കാർ ഡയാലിസിസ് സെന്ററുകൾ നിലവിലില്ലാത്ത കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് സി.എച്ച്.സി. യിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ കെട്ടിട സൗകര്യം, വൈദ്യുതി, ആർ.ഒ പ്ലാന്റിന് വേണ്ട ജലം, പരിശീലനം ലഭിച്ച ഡോക്ടേഴ്സും സ്റ്റാഫും (സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, ക്ലീനിംഗ് സ്റ്റാഫ്) ഡയാലിസിസിന് വേണ്ട ഉപകരണങ്ങൾ, തുടർ ചെലവിനുള്ള ഫണ്ട് ഇത്രയും സൗകര്യങ്ങൾ സജ്ജമാണെങ്കിൽ മാത്രമേ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്താൻ സാധിക്കുകയുള്ളൂ. നിലവിൽ താലൂക്കാശുപത്രിതലം വരെയാണ് ഡയാലിസിസ് സൗകര്യം സർക്കാർ മുഖേന ലഭ്യമാക്കുന്നത്. ആയതിനാൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളത് കൊണ്ട് മാത്രം ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നത് പ്രായോഗികമല്ല. മേൽ പറഞ്ഞ സൗകര്യങ്ങൾ കൂടി ലഭ്യമാണെങ്കിൽ മാത്രമേ സി.എച്ച്.സികളിൽ |

| | | | |
|---|---|---|---|
| | | | ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ